**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1387** **14-03-2022 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പ്രേരക് മാരുടെ വേതന കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തുള്ള സാക്ഷരതാ പ്രേരക്-മാർക്ക് നിലവിൽ എത്ര മാസത്തെ വേതനം നൽകാനുണ്ട്;വേതന കുടിശ്ശിക തീർത്തു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സാക്ഷരതാ പ്രേരക് മാർക്ക് മൂന്നു മാസത്തെ (2021 ഡിസംബർ, 2022 ജനുവരി, ഫെബ്രുവരി) വേതനം നൽകാനുണ്ട്. വേതന കുടിശ്ശിക തീർത്ത് നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രേരക് മാരുടെ പുനർവിന്യാസം സംബന്ധിച്ച് വിവിധ വകുപ്പുകളുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14.07.2021 ൽ വിളിച്ച ചേർത്ത യോഗത്തിൽ തീരുമാനിച്ചതു പ്രകാരം പുനർവിന്യാസം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ പ്രേരക് മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രേരകരുടെ 2021 നവംബർ മാസം വരെയുള്ള ഓണറേറിയം വിതരണം ചെയ്തുകഴിഞ്ഞു. സാക്ഷരതാമിഷന്റെ നോൺ സാലറി ഹെഡിൽ നിന്നാണ് പ്രേരക് ഓണറേറിയം നൽകി വരുന്നത്. പ്രേരക് ഓണറേറിയം കുടിശ്ശിക തീർത്തു നൽകുന്നതിനും മറ്റു ചെലവുകൾക്കുമായി 2,88,98,426/- (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി നാനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) സാക്ഷരാ മിഷന് സർക്കാർ അനുവദിച്ച് നല്കി ഉത്തരവായിട്ടുണ്ട് |
| (ബി) | സാക്ഷരതാ പ്രേരക്-മാരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് 1796 പ്രേരക് മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ